(ബി) വികസനത്തിനായി 16,20,740 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദമായ കണക്ക് അനുബന്ധമായി ചേർക്കുന്നു. †

(സി) ഗാലറിയുടെ വികസനത്തിന് ശരാശരി 40 ലക്ഷം രൂപ വേണ്ടിവരും. മ്യൂസിയത്തിന്റെ അത്യാവശ്യ വികസന പ്രവർത്തനങ്ങൾക്കും ഗാലറി വികസനത്തിനും കൂടി ഫണ്ട് പര്യാപ്തമായിരുന്നില്ല.

സയൻസ് ആന്റ് ടെക്നോളജി മ്യൂസിയം ഡയറക്ടർക്ക് വേണ്ടി ക്ഷണിച്ചിട്ടുള്ള പാനൽ

80 [5814] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് സയൻസ് ആന്റ് ടെക്നോളജി മ്യൂസിയം ഡയറക്ടർക്കു വേണ്ടി ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും ഉദ്യോഗസ്ഥരുടെ പാനൽ ക്ഷണിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര പേർ അപേക്ഷിച്ചിട്ടുണ്ടെന്നും അവർ ആരൊക്കെ എന്നും ഏതെല്ലാം തസ്തികയിലുള്ളവരാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പാനൽ സർക്കാരിന് ലഭിച്ചുവോ;

(ഡി) എങ്കിൽ പാനലിൽ നിന്നും നിയമനം നടത്തുവാൻ കാലതാമസം എന്തെന്നു വ്യക്തമാക്കുമോ;

(ഇ) കേരള സ്റ്റേറ്റ് സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിൽ ജീവനക്കാരുടെ എത്ര ഒഴിവുകളുണ്ട്; അത് നികത്താൻ സ്വീകരിക്കുന്ന നടപടിക്രമം എന്തെന്ന് വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള അധികാരം പി.എസ്.സി.-യ്ക്ക് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ജി) നിലവിൽ ഏതെല്ലാം തസ്തികകളിൽ ഒഴിവുകളുണ്ടെന്നും അവയുടെ എണ്ണം എത്രയെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എട്ട് പേരാണ് അപേക്ഷിച്ചിട്ടുള്ളത്. അവരുടെ പേരും തസ്തികയും താഴെ കൊടുക്കുന്നു:

1. ശ്രീമതി കെ. പി. ഇന്ദിരാദേവി, പ്രൊഫസർ, ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻസ്, ഗവ. എഞ്ചിനീയറിംഗ് കോളേജ്, ശ്രീകൃഷ്ണപുരം.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. ശ്രീ. കെ. സി. രവീന്ദ്ര നാഥൻ, പ്രൊഫസർ, ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻസ്, ഗവ. എഞ്ചിനീയറിംഗ് കോളേജ്, വയനാട്.

3. ശ്രീ. ബേബി കെ. പോൾ, പ്രൊഫസർ, ആർക്കിടെക്ച്ചർ, എഞ്ചിനീയറിംഗ്, കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം.

4. ശ്രീ. ഇ. അബ്ദുൾ റഷീദ്, അസിസ്റ്റന്റ് പ്രൊഫസർ, മെക്കാനിക്കൽ എഞ്ചിനീയറിംഗ്, കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം.

5. ശ്രീ. റ്റി. സി. പീറ്റർ, അസിസ്റ്റന്റ് പ്രൊഫസർ, മെക്കാനിക്കൽ എഞ്ചിനീയറിംഗ്, ഗവ. എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ.

6. ശ്രീ. എ. സലീം, അസിസ്റ്റന്റ് പ്രൊഫസർ, ആർക്കിടെക്ച്ചർ, കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം.

7. ഡോ. എസ്. ഷാജി, അസിസ്റ്റന്റ് പ്രൊഫസർ, മെക്കാനിക്കൽ എഞ്ചിനീയറിംഗ്, ഗവ. എഞ്ചിനീയറിംഗ് കോളേജ്, ബാർട്ടൺ ഹിൽ, തിരുവനന്തപുരം.

8. ശ്രീ. ആർ. ഹരികുമാർ, അസിസ്റ്റന്റ് പ്രൊഫസർ, ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്, ഗവ. എഞ്ചിനീയറിംഗ് കോളേജ്, ശ്രീകൃഷ്ണപുരം.

(സി) ലഭിച്ചു.

(ഡി) നിയമനകാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ഇ) പത്ത് പ്രസ്തുത ഒഴിവുകളിലേക്ക് സ്ഥാപനം പരസ്യമായി അപേക്ഷ ക്ഷണിച്ച് നടപടികൾ ആരംഭിച്ചിട്ടുണ്ട്. സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു.

(എഫ്) ഇപ്പോൾ ഉദ്ദേശിച്ചിട്ടില്ല.

(ജി) ഡെപ്യൂട്ടി ഡയറക്ടർ, പ്ലാനറ്റേറിയം ഓപ്പറേറ്റർ, എ. സി. പ്ലാന്റ് അസിസ്റ്റന്റ്, സബ്സ്റ്റേഷൻ അസിസ്റ്റന്റ്, എൽ. ഡി. ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ്, റിസപ്ഷനിസ്റ്റ്, വർക്ക്ഷോപ്പ് അറ്റന്റർ, ഡ്രൈവർ, ടിക്കറ്റ് കൗണ്ടർ അസിസ്റ്റന്റ് എന്നീ തസ്തികകളിൽ ഓരോ ഒഴിവുകൾ വീതമാണുള്ളത്.

തിരുവനന്തപുരം പാലോട് ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ഗവേഷണങ്ങൾ

81 [5816] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly